# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 08 | PUBLISHED FROM DELHI | PRICE Rs. 3/- | AUGUST 2016


## ഐ.പി.സി.നോർത്തേൺ റീജൻ

## 46–ാമത് ജനറൽ കൺവൻഷൻ ഡൽഹിയിൽ

**ന്യൂഡൽഹി:** തലസ്ഥാന നഗരിയിൽ വർഷങ്ങളായി നടന്നു വരുന്ന ഏറ്റവും വലിയ പെന്തക്കൊസ്ത് സംഗമം ആയ ഇന്ത്യാ പെന്തെക്കൊസ്തൽ ചർച്ച് ഓഫ് ഗോഡ് നോർത്തേൺ റീജന്റെ 46–ാം ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും 2016 ഒക്ടോബർ 12 ബുധൻ മുതൽ 16 ഞായർ വരെ ജണ്ടേവാല റാണി ജാൻസി റോഡിലുള്ള അംബേദ്കർ ഭവനിൽ വച്ച് നടക്കും.



പാസ്റ്റർ കെ.ജെ. തോമസ്



പാസ്റ്റർ ജെയ്ക്കബ് തോമസ്

പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ കെ.ജെ. തോമസ് (കുമളി), ജെയ്ക്കബ് തോമസ് (ഇറ്റാർസി) എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. ഇവരെ കൂടാതെ റീജനിലെ സീനിയർ ദൈവദാസന്മാരും ദൈവവചനം സംസാരിക്കും.

12,13 തീയതികളിൽ പാസ്റ്റേഴ്സ് സെമിനാറും 14–ാം തീയതി ശുശ്രൂഷക സമ്മേളനവും 15ന് രാവിലെ സോദരി സമാജവും ഉച്ചകഴിഞ്ഞ് സൺഡേസ്കൂൾ, പി.വൈ.പി.എ. എന്നിവയുടെ വാർഷിക യോഗങ്ങളും നടക്കും. 16ന് രാവിലെ 9 മണിമുതൽ നടക്കുന്ന സംയുക്താരാധനയും കർത്തൃമേശ ശുശ്രൂഷയോടുംകൂടി ഈ കൺവൻഷൻ സമാപിക്കും.

സിസ്റ്റർ പേർസിസ് ജോൺ നയിക്കുന്ന സയോൺ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും നേപ്പാളിൽ നിന്നുമുള്ള പാസ്റ്റർമാരും പ്രതിനിധികളും ഈ സമ്മേളനത്തിൽ പങ്കെടുക്കും.

പാസ്റ്റർമാരായ പി.എം. ജോൺ, ലാജി പോൾ, സാമുവേൽ തോമസ്, ഫിലിപ്പോസ് മത്തായി, തോമസ് സാമുവേൽ, ബ്രദർ എം. ജോണികുട്ടി എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മറ്റി ഈ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു.

## എഫ്.സി.വൈ.എം. ഡൽഹി റീജൻ

## വചനധാര 2016

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി.വൈ.എം) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 1,2 തീയതികളിൽ കാൽക്കാജി ഡി.ഡി.എ. കമ്യൂണിറ്റി ഹാളിൽ വച്ച് വചനധാര 2016 എന്ന പേരിൽ സുവിശേഷയോഗം നടത്തുന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി യോഗം ഉദ്ഘാടനം ചെയ്യും. സുവിശേഷ യോഗങ്ങളിൽ പ്രസിദ്ധ പ്രഭാഷകൻ പാസ്റ്റർ എബി ഏബ്രഹാം (പത്തനാപുരം) വചന ശുശ്രൂഷ നിർവ്വഹക്കും.



പാസ്റ്റർ എം. സാമുവൽകുട്ടി



പാസ്റ്റർ എബി ഏബ്രഹാം

ഫെയ്ത്ത് സയോൻ സിംഗേഴ്സ് ഡൽഹി ആരാധനയ്ക്ക് നേതൃത്വം നൽകും.

ഒക്ടോബർ 2ന് പകൽ പത്ത് മണിമുതൽ 1 മണിവരെ ഡൽഹി റീജനിലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധന നടക്കും. ഉച്ചയ്ക്ക് ശേഷം എഫ്. സി.വൈ.എമ്മിന്റെ വാർഷിക യോഗം നടക്കും.

## ജുവാങ് ഭാഷയിൽ പുതിയനിയമം പ്രസിദ്ധീകരിച്ചു

**ഒഡിഷാ:** വിക്ലിഫ് ഇന്ത്യയുടെ നേതൃത്വത്തിൽ 2016 ജൂൺ 5 ന് ഒഡിഷയിലെ കിയോജ്ഞറിൽ വെച്ച് ജുവാങ് ഭാഷയിലെ പുതിയനിയമത്തിന്റെ സമർപ്പണശുശ്രൂഷ നടന്നു. വിക്ലിഫ് ഇന്ത്യാ എമിരിറ്റസ് ചെയർമാൻ ഡോ. ജേക്കബ് ജോർജ്ജും ഒറീസ്സ ചർച്ച് ഓഫ് ഗോഡ് ലീഡർ റവ. അസിം ദാസും ചേർന്ന് സമർപ്പണശുശ്രൂഷ നിർവഹിച്ചു. ഐ.ഇ.എം, എഫ്. എം. പി. ബി,എൻ.ഐ.ഇ.എ, ക്യാമ്പസ് ക്രൂഡേസ്, ഒഡിഷാ ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകളിലെ പ്രതിനിധികൾ പങ്കെടുത്തു.

1996 ലാണ് തിരുവല്ല സ്വദേശികളായ അലക്സ് – സ്വപ്ന ദമ്പതികൾ ജുവാങ് ഗോത്രക്കാരുടെയിടയിൽ ബൈബിൾ പരിഭാഷയ്ക്കായി ചെന്നത്. ദീർഘനാൾ അവരുടെ ഗ്രാമത്തിൽ താമസിച്ച് ജുവാങ് ഭാഷ പഠിക്കുകയും ആ ഭാഷയിൽ ആദ്യമായി അക്ഷരമാലയും വ്യാകരണവും തയ്യാറാക്കുകയും പ്രൈമറി വിദ്യാർത്ഥികൾക്ക് സാക്ഷരതാപുസ്തകങ്ങളും മുതിർന്നവർക്ക് ആരോഗ്യ ബോധവൽക്കരണ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്തു. ജുവാജിന്റെ തനതായ സംഗീത ശൈലി നിലനിറുത്തി ക്രിസ്തീയ പാട്ടുകളും ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഒഡീഷയിലെ ഏറ്റവും പുരാതനമായ ഗോത്രവർഗ്ഗങ്ങളിലൊന്നായ ജുവാങ് സമൂഹം കിയോജ്ഞർ, അങ്കുൽ, ദെൻകനാൽ ജില്ലകളിൽ കൂടുതലായി കാണുന്നു. ഏകദേശം അമ്പതിനായിരത്തിനടുത്ത് ജനസംഖ്യയുള്ള ഒറ്റപ്പെട്ട വനങ്ങളിലെ സമതലപ്രദേശത്തും മലകളുടെ താഴ്വരകളിലും വസിക്കുന്നു. വനദേവതയെ ആരാധിക്കുന്ന ഇവർ വളരെ ദരിദ്രാവസ്ഥയിൽ കഴിയുന്നു.

യേശുവും ക്രിസ്ത്യാനിയുമെല്ലാം ജുവാങ് ജനതയ്ക്ക് അപരിചിതമായ വാക്കുകളും അനുഭവങ്ങളുമായിരുന്നു. മാതൃഭാഷയിൽ തിരുവചനം ലഭ്യമാകാത്തതിനാൽ വചനത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ അവർക്ക് വർഷങ്ങളോളം കഴിഞ്ഞിരുന്നില്ല. ജുവാങിൽ 1980 – വരെ സുവിശേഷപ്രവർത്തനത്തിന്റെ യാതൊരു ഉദ്യമങ്ങളും എത്തിയിട്ടില്ലായിരുന്നു. 1982 – ൽ കട്ടക്കിലെ ഒറീസ ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വത്തിൽ അയച്ച ഒറിയ സംസാരിക്കുന്ന ഒരു വ്യക്തിയായിരുന്നു ജുവാനിൽ വന്ന ആദ്യത്തെ മിഷണറി. സംസ്ഥാന ഭാഷയായ ഒറിയയിലെ സുവിശേഷഭാഗങ്ങൾ ജുവാങ് ജനതയ്ക്ക് മനസ്സിലാകുന്നില്ലെന്ന് ആ സുവിശേഷകൻ മനസ്സിലാക്കുകയും ഗ്രാമത്തിൽ താമസിച്ച് ജുവാങ് ഭാഷപഠിച്ച് അവർക്കിടയിൽ സുവിശേഷം അറിയിക്കുകയും ചെയ്തു. ഭാഷാപഠിച്ചുവെങ്കിലും തിരുവചനസത്യങ്ങൾ ശരിയായ നിലയിൽ ജുവാങ് ഭാഷയിൽ പഠിപ്പിക്കുവാൻ അദ്ദേഹം പ്രയാസപ്പെട്ടു. ജുവാങിൽ ബൈബിൾ ലഭ്യമാക്കുവാൻ അന്നുമുതൽ അദ്ദേഹം പ്രാർത്ഥനതുടങ്ങി. അലക്സും സ്വപ

(ശേഷം രണ്ടാം പേജിൽ)

## തിമഥി ഇൻസ്റ്റിറ്റ്യൂട്ട്

## ചൈൽഡ് ഇവാഞ്ചലിസം കോഴ്സ്

**തിരുവനന്തപുരം:** കുട്ടികളുടെ ഇടയിലെ പ്രമുഖ ശുശ്രൂഷകരായ തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ നേതൃത്വത്തിൽ ചൈൽഡ് ഇവാഞ്ചലിസം കോഴ്സ് ആരംഭിച്ചു. ഓഗസ്ററ് ഒന്നിന് തിരുവനന്തപുരം കേന്ദ്രമായി ആരംഭിച്ച ക്ലാസ്സുകൾ, രാജൻ ആഷേറിന്റെ അദ്ധ്യക്ഷതയിൽ ഏബ്രഹാം ഫിലിപ്പോസ് പ്രാർത്ഥിച്ച് ആരംഭിച്ചു. സാലു വർഗ്ഗീസ് പ്രവർത്തനവിശദീകരണം നല്കി. പ്രാരംഭ ബാച്ചിൽ 15 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ബിജു ഈപ്പൻ ഡയറക്ടറായും സുനിൽ സഖറിയാ പ്രിൻസിപ്പളായും സുനിൽ കുമാർ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

പ്രായോഗിക പരിശീലനത്തിന് ഊന്നൽ നല്കി ക്രമീകരിച്ചിരിക്കുന്ന കോഴ്സിന് പരിചയസമ്പന്നരായ അദ്ധ്യാപകരാണ് നേതൃത്വം നൽകുന്നത്. ഒരു വർഷം നീളുന്ന ഈ കോഴ്സിൽ ചൈൽഡ് ഇവാഞ്ചലിസത്തിന്റെ സമസ്ത മേഖലകളും പ്രതിപാദിക്കും. ഓഗസ്ററ് 17 ന് തിരുവല്ലായിൽ തുടങ്ങുന്ന കോഴ്സിന് അഡ്മിഷൻ തുടരുന്നു. കുട്ടികളുടെ ഇടയിലെ ശുശ്രൂഷകൾക്ക് താത്പര്യമുള്ളവർ ബന്ധപ്പെടുക:

ഫോൺ: 9656217909

**ഉൾപേജുകളിൽ...**


| | |
|---|---|
| നാം ധനികർ | : പാസ്റ്റർ എം.സാമുവൽകുട്ടി |
| ക്രിസ്തീയജീവിതം | : പാസ്റ്റർ മനോജ് തമ്പി |
| വിശ്വാസികൾ വിചാരപ്പെടാമോ | :പാസ്റ്റർഡാനിയേൽ ജോർജ് |
| ബൈബിളിന്റെ നിസ്തുല്യത | : എം.എസ്.കെ. |

പത്രാധിപ ലേഖനം.......

# നാം ധനികർ



വേദപുസ്തകത്തിലെ ഓരോ പ്രത്യേക പുസ്തകങ്ങളും വ്യത്യസ്തങ്ങളായ പല വിഷയങ്ങളും കൈകാര്യം ചെയ്യുന്നുവെങ്കിലും ഓരോന്നിനും അതിന്റേതായ മുഖ്യവിഷയവും സന്ദേശവും ഉണ്ട്. ഉല്പത്തി ആരംഭങ്ങളുടെ പുസ്തകമാണ്. മത്തായിയുടെ സുവിശേഷം ദൈവരാജ്യത്തെ കുറിക്കുന്നു. ഗലാത്യ ലേഖനം സ്വാതന്ത്ര്യത്തിന്റെ പുസ്തകമാണ്. എഫെസ്യർ 1:3ൽ പറയുന്ന വിഷയം ക്രിസ്ത്യാനിയുടെ ക്രിസ്തുവിലുള്ള ധനം ആണ്. ഈ ലേഖനത്തിന്റെ ഗ്രന്ഥകാരൻ പൗലൊസാണ്. അദ്ദേഹത്തിന്റെ ആദ്യപേര് ശൗൽ എന്നായിരുന്നു. താൻ ബെന്യാമീൻ ഗോത്രത്തിൽ പെട്ടവനാകയാൽ തന്റെ മാതാപിതാക്കൾ യിസ്രയേലിന്റെ ഒന്നാമത്തെ രാജാവിന്റെ പേര് നൽകിയിരിക്കാം. എന്നാൽ തർശീശിലെ ശൗൽ അനുസരണമുള്ളവനായിരിക്കുകയും ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുകയും ചെയ്തു. സമർപ്പണമുള്ള റബ്ബി എന്ന നിലയിൽ യെരുശലേമിലെ ക്രൈസ്തവർക്കെതിരെയുള്ള പ്രസ്ഥാനത്തിന്റെ നേതാവായിത്തീർന്നു. എന്നാൽ ഈ പ്രവർത്തനങ്ങളുടെ മദ്ധ്യത്തിലാണ് യേശു അവനെ പിടിക്കുന്നതും മാനസ്സാന്തരപ്പെടുന്നതും.

തർശീശിലെ ശൗൽ ജാതികളുടെ അപ്പൊസ്തലനായ പൗലൊസായിത്തീർന്നു. അന്ത്യോക്യയിലെ സഭയിൽ ശുശ്രൂഷിച്ച് കൊണ്ടിരിക്കെ ജാതികളോട് സുവിശേഷം അറിയിക്കുന്നതിനായി ആത്മാവ് അവനെ വിളിച്ചു, അവൻ അനുസരിച്ചു. സഭാചരിത്രത്തിലെ ഏറ്റവും വലിയ മിഷനറി ദൗത്യങ്ങളിലൊന്നായി തീരത്തക്കവണ്ണം റോമാ സാമ്രാജ്യം മുഴുവനും ഉൾപ്പെടുത്തിക്കൊണ്ട് താൻ മൂന്ന് മിഷനറി യാത്രകൾ നടത്തി. എഡി 53ൽ എഫെസൊസിൽ പൗലൊസ് ഒന്നാമതായി ശുശ്രൂഷിച്ചെങ്കിലും അവിടെ തങ്ങിയില്ല. എന്നാൽ രണ്ടു വർഷത്തിനുശേഷം തന്റെ മൂന്നാമത്തെ മിഷനറി യാത്രയിൽ പൗലൊസ് രണ്ടു വർഷത്തോളം എഫെസൊസിൽ പാർത്ത് ആ വലിയ പ്രദേശത്തിന്റെ സുവിശേഷീകരണം പൂർത്തിയാക്കി. ആ സമയങ്ങളിൽ ഡയാന ദേവതയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ട എഫെസൊസ് പട്ടണത്തിൽ ഒരു ശക്തമായ സഭ സ്ഥാപിക്കുന്നതിന് തനിക്ക് സാധിച്ചു.

അതിനു ഏതാണ്ട് 10 വർഷങ്ങൾക്കു ശേഷമാണ് തന്റെ പ്രിയ സുഹൃത്തുക്കളായ എഫെസ്യ വിശ്വാസികൾക്ക് ലേഖനം എഴുതുന്നത്. റോമയിൽ തടവുകാരനായിരുന്ന പൗലൊസ് ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും കർത്താവ് തന്നെ പഠിപ്പിച്ചത് അവിടത്തെ വിശ്വാസികളുമായി പങ്കുവയ്ക്കാൻ താത്പര്യപ്പെട്ടു. ഏതാണ്ട് എ.ഡി. 62ലാണ് ഈ ലേഖനം താൻ എഴുതിയത്. തന്റെ ജീവിതത്തിന്റെ നിർണ്ണായക സമയങ്ങൾ ആയിരുന്നെങ്കിലും താൻ സ്ഥാപിച്ച സഭകളുടെ ആത്മിക ആവശ്യങ്ങളെക്കുറിച്ച് പൗലൊസ് വളരെ കരുതലുള്ളവനായിരുന്നു. ഒരു ദൗത്യത്തോടെ അയയ്ക്കപ്പെട്ട അപ്പൊസ്തലൻ എന്ന നിലയിൽ ദൈവവചനം അവരെ പഠിപ്പിക്കുന്നതിനും വിശ്വാസത്തിൽ അവരെ പണിതുയർത്തുന്നതിനും ഉള്ള കടപ്പാട് തനിക്കുണ്ടായിരുന്നു.

എഫെസ്യർക്ക് എഴുതിയ ലേഖനം എന്ന തലക്കെട്ട് കാണുന്നുണ്ടെങ്കിലും അവരെ മാത്രം ഉദ്ദേശിച്ച് എഴുതിയതല്ല, മറിച്ച് ഏഷ്യാമൈനറിലുള്ള എല്ലാ സഭകൾക്കും വേണ്ടി പൊതുവിൽ എഴുതിയ ഒരു സർക്കുലർ ലേഖനമാണിത്. എഫെസൊസ് എന്ന വാക്കിന്റെ അർത്ഥം ആഗ്രഹം എന്നാണ്.

നമ്മുടെ അനുഗ്രഹങ്ങളുടെ ഉറവിടം പിതാവായ ദൈവമാണ്. സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെ.1:3). ദൈവമായ പിതാവ് ക്രിസ്തു യേശുവിൽ നമ്മെ ധന്യരാക്കി. ദൈവത്തിന്റെ കുടുംബത്തിൽ ജനിച്ചപ്പോൾ നാം സമ്പന്നരായിത്തീർന്നു. ക്രിസ്തുവിൽ ദൈവത്തിന്റെ കൃപാധനവും ദൈവമഹത്വവും ദൈവത്തിന്റെ കരുണയും ക്രിസ്തുവിലുള്ള അപ്രമേയധനവും നാം പങ്കുവയ്ക്കുന്നു. നമ്മുടെ സ്വർഗ്ഗീയ പിതാവ് ദരിദ്രനല്ല, അവൻ സമ്പന്നനാണ്. അവന്റെ പുത്രനിൽ നമ്മെയും പിതാവായ ദൈവം സമ്പന്നനാക്കിയിരിക്കുന്നു. ഈ ലോകത്തിലെ ഏറ്റവും ധനാഢ്യരുടെ കോടിക്കണക്കിന് വിലമതിക്കുന്ന സമ്പത്തുകൾ ദൈവം നമുക്കായി കരുതിയിട്ടുള്ള ആത്മിക ധനത്തിനു മുന്നിൽ ചില്ലറ പൈസകളാണ്. ഈ ലേഖനത്തിൽ ഈ ധനം എന്താണെന്നും അവ എങ്ങനെ ഉപയോഗിക്കാമെന്നും പൗലൊസ് വിശദീകരിക്കുന്നു.

പഴയനിയമത്തിൽ തന്റെ ജനത്തിന്, യിസ്രയേലിന്, അവരുടെ അനുസരണത്തിന് പ്രതിഫലമായി ദൈവം ഭൗതിക അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തു. ഇന്ന് നമ്മോടുള്ള വാഗ്ദത്തം: ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഓക്കെയും മഹത്വത്തോടെ തന്റെ ധനത്തിന് ഒത്തവണ്ണം ക്രിസ്തുവേശുവിൽ പൂർണ്ണമായി തീർത്തുതരും. എന്നതാണ്. പിതാവ് നമുക്ക് തൃപ്തികരമായ ഒരു ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ എല്ലാ ആത്മിക അനുഗ്രഹങ്ങളും തന്നിട്ടുണ്ട്. ഭൗതികജീവിതത്തെക്കാൾ വളരെ പ്രധാനപ്പെട്ടതാണ് ആത്മിക ജീവിതം. നമ്മുടെ അനുഗ്രഹങ്ങളെ പിതാവിൽ നിന്നും പുത്രനിലൂടെ തിരിച്ചുവിടുന്നത് പരിശുദ്ധാത്മാവാകയാൽ പരിശുദ്ധാത്മാവിനെ അറിയാതിരിക്കുന്നതും പരിശുദ്ധാത്മാവിന്റെ കരുതലിനെക്കുറിച്ച് അജ്ഞരായിരിക്കുന്നതും ആത്മിക പാപ്പരത്വം ആണ്. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല (റോമ. 8:9). ആത്മാവിന്റെ സാക്ഷ്യം ഇല്ലെങ്കിൽ നമുക്ക് ആത്മാവിന്റെ സമ്പത്ത് നേടിയെടുക്കുവാൻ കഴികയില്ല.

രക്ഷിക്കപ്പെടാത്ത ഒരാൾ ഭൗതികമായിതിലാണ് താത്പര്യപ്പെടുക. കാരണം അവിടെയാണ് അയാൾ ജീവിക്കുന്നുന്നത്. ഈ ലോകത്തിന്റെ മക്കൾ എന്നാണ് യേശു അവരെ വിളിക്കുന്നത്. എന്നാൽ വിശ്വാസിയുടെ ജീവിതം സ്വർഗ്ഗത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അവന്റെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവന്റെ പേര് സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അവന്റെ പിതാവ് സ്വർഗ്ഗത്തിലാണ്. അവന്റെ ശ്രദ്ധയും മമതയും സ്വർഗ്ഗത്തിലുള്ള കാര്യങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ക്രിസ്ത്യാനി രണ്ടു തലങ്ങളിലാണ് പ്രവർത്തിക്കുന്നത്. മാനുഷികവും ദൈവികവും, ദൃശ്യവും അദൃശ്യവും. ഭൗതികമായി അവൻ മനുഷ്യശരീരത്തിൽ ഈ ലോകത്തിലാണ്. എന്നാൽ ആത്മികമായി ക്രിസ്തുവിനോട് കൂടെ സ്വർഗ്ഗീയ മണ്ഡലത്തിലാണ് ഇരിക്കുന്നത്. യഥാർത്ഥ ധനം ദൈവത്തിങ്കൽ നിന്നു വരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മെ സമ്പന്നരാക്കുവാൻ വേണ്ടി നമുക്കുവേണ്ടി പ്രവർത്തിക്കുന്നു എന്നറിയുന്നത് പ്രോത്സാഹനം നൽകുന്ന സംഗതിയാണ്. ദൈവം നമുക്ക് സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്നു എന്നു മാത്രമല്ല, അവൻ നമുക്ക് നിത്യമായ സമ്പത്തും നൽകുന്നു. അതില്ലെങ്കിൽ മറ്റെല്ലാ ധനവും വിലയില്ലാത്തതായി തീരും.

ഈ സമ്പത്തുകൾ ആരംഭം മാത്രമാണ്. നാം കർത്താവിനോടു കൂടെ നടക്കുമ്പോൾ അവകാശപ്പെടാവുന്ന കൂടുതൽ ആത്മീയ സമ്പത്തുണ്ട്. വേദപുസ്തകമാണ് നമ്മുടെ വഴികാട്ടി, പരിശുദ്ധാത്മാവ് നമ്മുടെ അദ്ധ്യാപകനും. നാം ദൈവവചനം വായിക്കുമ്പോൾ ക്രിസ്തുവിൽ നമുക്കുള്ള കൂടുതൽ സമ്പത്തുകളെ നാം കണ്ടുപിടിക്കും. ഈ സമ്പത്തുകൾ ദൈവം പദ്ധതിയിട്ടതും പുത്രൻ വിലയ്ക്ക് വാങ്ങിയതും പരിശുദ്ധാത്മാവ് നൽകിയതുമാണ്. ഇത്രമാത്രം ദൈവികധനം നമുക്കുള്ളപ്പോൾ നാം ദരിദ്രരാണെന്ന് പറഞ്ഞ് ജീവിക്കേണ്ട യാതൊരു കാര്യവുമില്ല.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# ജുവാങ് ഭാഷയിൽ പുതിയനിയമം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നയും ബൈബിൾ പരിഭാഷയ്ക്കായി 1966 – ൽ എത്തിയപ്പോൾ ദീർഘനാളത്തെ അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി.

പാതയ്ക്കരികിലും പാറസ്ഥലത്തും വീണ വചനംപോലെ സുവിശേഷത്തിന്റെ ഊഷരഭൂമിയായ ജുവാങിന്റെ മണ്ണിൽ സുവിശേഷ പ്രവർത്തനം വേണ്ടതുപോലെ വളർന്നുവന്നില്ല. ജുവാങിലെ ആചാരാനുഷ്ഠാനങ്ങൾ ചിട്ടയോടെ അനുസരിക്കുവാൻ സമ്മർദ്ദമുള്ളതിനാൽ പലരും ക്രിസ്ത്യാനിയാകുകയെന്നതിൽനിന്ന് പിൻവാങ്ങിയിരുന്നു ഒരു വ്യക്തി ക്രിസ്ത്യാനിയായാൽ കടുത്ത എതിർപ്പാണ് ജുവാങ് സമൂഹം വച്ചുപുലർത്തുന്നത്. ഊരുവിലക്കിയും ഭീഷണിപ്പെടുത്തിയും അവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തുന്നു. വർഷങ്ങളായി പല സംഘടനകളും ഇവർക്കിടയിൽ പ്രവർത്തിച്ചിട്ട് ഫലം കാണാതെ തിരിച്ചുപോയി. എന്നാൽ 2010 മുതൽ മാതൃഭാഷയിൽ ലഭ്യമായി തുടങ്ങിയ തിരുവചനഭാഗങ്ങൾ ഉപയോഗിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി എഫ്.എം. പി. ബിയുടെ നേതൃത്വത്തിൽ നല്ല ഒരു കൂടിവരവ് ഇന്നിവിടെയുണ്ട്. ജുവാങിലേക്ക് പരിഭാഷപ്പെടുത്തിയ മർക്കോസ് അടക്കമുള്ള അഞ്ചുപുസ്തകങ്ങൾ ഓഡിയോ രൂപത്തിലാക്കി 2010 – ൽ ജുവാങ് ഗ്രാമങ്ങളിൽ വിതരണം ചെയ്തത് ഏറെ പ്രയോജനം ചെയ്തു.

ഓഡിയോ ശ്രവിച്ച് ക്ഷയരോഗത്തിൽ നിന്ന് അത്ഭുതരോഗ സൗഖ്യം ലഭിച്ച സുക്ര എന്ന മനുഷ്യന്റെ ജീവിതം ഗ്രാമവാസികളെ കൂടുതൽ തിരുവചനത്തിലേക്ക് അടുപ്പിച്ചു. ഹൃദയഭാഷയിൽ ലഭിച്ച തിരുവചനഭാഗങ്ങൾ വായിച്ചും ശ്രവിച്ചും അനേകർ അവരുടെ ദുഃശീലങ്ങൾ ഉപേക്ഷിച്ച് വചനാനുസരണമായി ജീവിക്കുവാൻ തുടങ്ങി. ഇപ്പോൾ ലഭ്യമായ പുതിയ നിയമം ആവേശത്തോടെയാണ് ജുവാങിലെ സഭ സ്വീകരിച്ചിരിക്കുന്നത്. ജീസസ് ഫിലിം ജുവാങ് ഭാഷയിലേക്ക് ശബ്ദലേഖനം ചെയ്യുന്ന തിരക്കിലാണ് ബൈബിൾ പരിഭാഷകരായ അലക്സ് – സ്വപ്ന ദമ്പതികൾ.

തിരുവചനം ഹൃദയ ഭാഷയിൽ സംസാരിച്ചു കേൾക്കുന്നത് ഒരു ദിവ്യാനുഭവമാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും സംസാരിക്കുന്ന തിരുവചനം ജുവാങ് ജനതയുടെ കാതുകളിൽ കൂടുതൽ മുഴങ്ങട്ടെ.


## *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

## MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ. മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9061619793, 9207069093.



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ക്രിസ്തീയ ജീവിതം



പാസ്റ്റർ മനോജ് തമ്പി മങ്ങാട്

ക്രിസ്തീയ ജീവിതം ഭാഗ്യവും ശ്രേഷ്ഠവും നിസ്തുല്യവുമാണ്. ക്രിസ്തുവിനെ അറിയാതെയുള്ള ജീവിതം നിർഭാഗ്യവും പ്രത്യാശാരഹിതവുമാണ്. ഈ പ്രസ്താവനകൾക്ക് പിന്നിൽ കാരണങ്ങളും വേദപുസ്തക അടിസ്ഥാനങ്ങളും ക്രൈസ്തവരുടെ അനുഭവങ്ങളും അണി നിരക്കുമ്പോൾ ചോദ്യം ചെയ്യാനാകാത്ത വ്യക്തിത്വങ്ങളായി ക്രിസ്തുവിശ്വാസികൾ മാറുന്നു. ദൈവാനുരൂപനായിരുന്ന മനുഷ്യൻ ദൈവനിഷേധിയാകുകയും, ദൈവത്തിന് പകരം ഇതര വസ്തുക്കളിലേക്കും തത്വസംഹിതകളിലേക്കും, കർമ്മാനുഷ്ഠാനങ്ങളിലേക്കും വഴിമാറി സഞ്ചരിച്ചതോടു കൂടെ പാപിയായി മാറി. ദൈവാന്വേഷണത്തതിന് പകരം കാര്യസാദ്ധ്യങ്ങൾക്കായി പ്രകൃത്യാതീതശക്തികൾ, മദ്ധ്യസ്ഥന്മാർ അതികായന്മാരായ നേതാക്കൾ എന്നിവരെ അന്വേഷിച്ചുതുടങ്ങി. അതോടുകൂടെ ദൈവം മനുഷ്യന് നൽകിയിരുന്ന ജീവിതക്രമത്തിന് താളപ്പിഴ സംഭവിച്ചു.

എങ്കിലും സ്നേഹമയനായ ദൈവം മനുഷ്യന്റെ ദൈവീകതയിലേക്കുള്ള മടങ്ങി വരവിനായി വൈവിധ്യമായ പദ്ധതികൾ ആവിഷ്കരിച്ചു. പദ്ധതികളുടെ നടത്തിപ്പിനായി കർമ്മനിരതരായ വ്യക്തികളെ വേർതിരിച്ചു. കാലഘട്ടത്തിന്റെ കുത്തൊഴുക്കിൽ തലമുറകൾ തമ്മിലുള്ള ജീവിതക്രമങ്ങൾക്ക് സാരമായ മാറ്റങ്ങൾ സംഭവിച്ചു. ലോക ചരിത്രത്തിൽ ഒട്ടനവധി സംസ്ക്കാരങ്ങൾ ഉളവാകുകയും ചിലതൊക്കെ ചരിത്ര സ്മാരകങ്ങളായി മാറുകയും ചെയ്തു. മനുഷ്യന്റെ ജീവിതക്രമത്തിൽ ഉണ്ടായ മാറ്റങ്ങൾ മൂലം ജീവിതം പ്രശ്നസങ്കീർണ്ണമായി മാറി. എവിടെ മനുഷ്യനുണ്ടോ അവിടെ പ്രശ്നമുണ്ട്, എവിടെ ദൈവമുണ്ടോ അവിടെ പ്രശ്നപരിഹാരമുണ്ട് എന്ന് മാറി ചിന്തിക്കുവാൻ മനുഷ്യരിൽ ചിലർക്കെങ്കിലും കഴിഞ്ഞത് സകലത്തിനും പരിഹാരമായ യേശു ക്രിസ്തുവിന്റെ ആഗമനത്തോട് കൂടെയാണ്. നിലവിലുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായ ജീവിതക്രമം പാലിച്ച ക്രിസ്തു സമൂഹത്തിൽ സ്വജീവിതം കൊണ്ട് മാറ്റത്തിന്റെ കാഹളമൂതി.

മനുഷ്യന്റെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ മനുഷ്യനെകൊണ്ട് കഴിയുകയില്ലെന്നും, എന്നാൽ മനുഷ്യത്വ ഗുണമില്ലാത്ത ഇതര ശക്തികളോ, മൃഗങ്ങളോ മുഖാന്തിരം അത് സാധ്യമല്ല എന്ന് തെളിയിക്കുകയും ചെയ്ത ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവ സ്നേഹത്തെ പ്രകടമാക്കുന്നു.

യേശുക്രിസ്തു മുഖാന്തിരം മനുഷ്യജീവിതത്തിന് പുതിയ ജീവിതക്രമം ലഭിച്ചത് സ്വായത്തമാക്കുവാൻ മനുഷ്യൻ എന്താണ് ചെയ്യേണ്ടത് എന്ന ചോദ്യം വളരെ പ്രസക്തമാണ്. അതിനുള്ള വ്യക്തമായ മറുപടിയാണ് ക്രിസ്തീയ ജീവിതത്തിന്റെ ആധാരശില.

> ദൈവാനുരൂപനായിരുന്ന മനുഷ്യൻ ദൈവനിഷേധിയാകുകയും, ദൈവത്തിന് പകരം ഇതര വസ്തുക്കളിലേക്കും തത്വസംഹിതകളിലേക്കും, കർമ്മാനുഷ്ഠാനങ്ങളിലേക്കും വഴിമാറി സഞ്ചരിച്ചതോടുകൂടെ പാപിയായി മാറി. ദൈവാന്വേഷണത്തിന് പകരം കാര്യസാദ്ധ്യങ്ങൾക്കായി പ്രകൃത്യാതീതശക്തികൾ, മദ്ധ്യസ്ഥന്മാർ അതികായൻമാരായ നേതാക്കൾ എന്നിവരെ അന്വേഷിച്ചുതുടങ്ങി. അതോടുകൂടെ ദൈവം മനുഷ്യന് നൽകിയിരുന്ന ജീവിതക്രമത്തിന് താളപ്പിഴ സംഭവിച്ചു

**1. കുറ്റസമ്മതം**

ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് ചെയ്തുപോയ അപരാധങ്ങളെ ദൈവത്തോട് സമ്മതിക്കുന്നതിലൂടെയാണ്. കുറ്റസമ്മതത്തിന് കാരണമാകുന്നത് കുറ്റബോധമാണെങ്കിൽ കുറ്റസമ്മതത്തിലൂടെ നമുക്ക് ലഭിക്കുന്നത് നിർമ്മലമായ മനസാക്ഷിയാണ്. നിർമ്മല മനസാക്ഷിയുള്ള വ്യക്തി കുറ്റങ്ങളെ ഏറ്റ് പറയുന്നതിലൂടെ രക്ഷയുടെ പ്രഥമപടിയിലേക്ക് പ്രവേശിക്കുകയും ജീവിതത്തെ വിശുദ്ധീകരണത്തിനായി അനുവദിക്കുകയും ചെയ്യുന്നു.

**2. പാപക്ഷമ**

പാപങ്ങളെക്കുറിച്ച് അനുതപിക്കുമ്പോൾ വൈകാരികവും ആത്മീകവുമായ മാറ്റത്തിന് വിധേയമാകുന്ന വ്യക്തിക്ക് അനുഭവവേദ്യമാകുന്ന ശാരീരികവും മാനസി കവുമായ ദൈവീക സമാധാ നമാണ് പാപക്ഷമ. പാപക്ഷമ ഒരുവനിൽ ദൈവത്തോടുള്ള പ്രാഗത്ഭ്യവും, ദൈവത്തെ ആരാധിക്കുവാനുള്ള പ്രേരണയുമാണ് നൽകുന്നത്. പാപങ്ങളെ ക്ഷമിക്കുവാൻ ദൈവത്തിന് മാത്രമേ സാധിക്കുകയുള്ളൂ എന്ന യാഥാ ർത്ഥ്യം മനുഷ്യൻ മനസ്സിലാക്കുന്നത് യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെയാണ്.

യേശുവിന്റെ ക്രൂശ് മരണം ദൈവീക സഹിഷ്ണുതയെയും, സ്നേഹത്തെയും സ്വീകരണത്തെയും അംഗീകാര ത്തെയും കരുതലിനെയും പ്രകടമാക്കുന്നു. അതു കൊണ്ടാണ് പാപക്ഷമയ്ക്കായി ക്രൂശിലൂടെ ദൈവം വഴി ഒരുക്കിയത്.

**3. തീരുമാനം**

യേശുവിന്റെ ക്രൂശിലൂടെ പാപക്ഷമ സ്വീകരിച്ച വ്യക്തി പാപത്തിനായി ജീവിക്കയില്ല എന്നും യേശുവിനായി ജീവിക്കുമെന്നും ഉറച്ച തീരുമാനമെടുക്കുമ്പോൾ മുതൽ വിശുദ്ധജീവിതം ആരംഭിക്കുന്നു. തെറ്റുകളിൽ നിന്നും ബോധപൂർവ്വം ഒഴിഞ്ഞിരിക്കുക, തെറ്റ് ചെയ്യുവാനുള്ള സാഹചര്യങ്ങളെ വിലയിരുത്തുക എന്നീ പ്രക്രിയയിലൂടെ വിശുദ്ധിയുടെ പടവുകൾകയറുന്നു.ദൈനംദിന ജീവിതക്രമത്തിൽ മാറ്റം വരുന്നത് തീരുമാനത്തിലൂടെയും അതിന്റെ ഫലമായ വിശുദ്ധിയിലൂടെയുമാണ്.

**4. വെല്ലുവിളികൾ**

പാപക്ഷമയിലൂടെ തീരുമാനങ്ങളിലേക്കും തീരുമാനങ്ങളിലൂടെ വിശുദ്ധിയിലേക്കും പ്രവേശിക്കപ്പെട്ട വ്യക്തിക്ക് മുമ്പിൽ വെല്ലുവിളികൾ ഏറെയുണ്ട്. പാപം ചെയ്യുവാനുള്ള സാഹചര്യങ്ങൾ, വിശുദ്ധ ജീവിതത്തെ ചോദ്യം ചെയ്യുന്ന ആക്ഷേപങ്ങൾ, ക്രൈസ്തവ ജീവിതക്രമത്തെ ഇല്ലാതാക്കുന്ന ജീവിതഭാരങ്ങൾ ഇവയെല്ലാം വെല്ലുവിളികളായിമുമ്പിൽ നിൽക്കുമ്പോൾ ഭയപ്പെടാതെ മുന്നേറുവാൻ ദൈവം തുണനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു!

## വിശ്വാസികൾ വിചാരപ്പെടാമോ?

(നാലാം പേജിൽ നിന്ന് തുടർച്ച)

ൽ പെട്ടെന്ന് ഒരുകാര്യം തന്റെ മനസ്സിൽ ഓടിയെത്തി. അത് തന്നെ ധൈര്യപ്പെടുത്തി. അതായത്, ഒരു നിർദിഷ്ട ഉയരത്തിനപ്പുറം വായുസമ്മർദ്ദത്തിൽ എലികൾക്ക് ജീവനോടിരിപ്പാൻ കഴിയില്ല എന്നതായിരുന്നു അത്. ഉടനെ താൻ വിമാനം കുറച്ചുകൂടെ ഉയരത്തിലേക്ക് പറത്തുവാൻ തുടങ്ങി. അവസാനം രണ്ടുമണിക്കൂർ കഴിഞ്ഞ് വിമാനം സാവകാശം അടുത്ത വിമാനത്താവളത്തിൽ ഇറക്കി. എഞ്ചിൻ പരിശോധിച്ചപ്പോൾ എലി ചത്തുകിടക്കുന്നത് കണ്ടു.

പ്രിയമുള്ളവരെ, ചിന്താഭാരം എന്നു പറയുന്നത് ഹൃദയത്തിലും മനസ്സിലും കടന്നുകൂടിയിരിക്കുന്ന ഒരു എലിയെപ്പോലെയാണ്. അതിനെ ജീവിക്കാനനുവദിച്ചാൽ അത് നിങ്ങളുടെ ജീവിതത്തെ തകർത്തു നിങ്ങളുടെ സന്തോഷവും ശക്തിയും ഊർജ്ജവും നശിപ്പിക്കും. അതുകൊണ്ട് ഇന്നുതന്നെ ദൈവവചനത്തിന്റെ സത്യത്തിൽ വിശ്വസിച്ച് ചിന്താഭാരമെന്ന ജന്മശത്രുവിനെ നേരിടുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കട്ടെ. ആമേൻ

## 3ബി ഫുഡ് സൊലൂഷ്യൻസ് ഉദ്ഘാടനം ചെയ്തു

**ന്യൂഡൽഹി:** ഡൽഹി കേന്ദ്രമാക്കി 3 ബി ഫുഡ് സൊലൂഷ്യൻസ് എന്ന സ്ഥാപനം ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കിരൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ അനിയൻ ശാമുവേൽ 3ബി ഫുഡ്സിന്റെ ബ്രോഷർ പാസ്റ്റർ രമേശ് മാധവന് നൽകി പ്രകാശനം നിർവ്വഹിച്ചു. പാസ്റ്റർമാരായ രമേശ് മാധവൻ, അനിൽ ജോൺസൻ, രാധാകൃഷ്ണൻ, ബിനോയി പി. ജോൺ എന്നിവർ ആശംസകളറിയിച്ചു.

ഡൽഹി മലയാളികൾക്ക് ആവശ്യമായ കേരളാവിഭവങ്ങളും മറ്റും ഓർഡർ അനുസരിച്ച് മിതമായ നിരക്കിൽ 3ബി ഫുഡ്സ് തയ്യാറാക്കി നൽകും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – 9990841402, 9990841403, 9990841504

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പതിനൊന്നാം വർഷത്തിൽ

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, PTA Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th August 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

# വിശ്വാസികൾ വിചാരപ്പെടാമോ?



**പാസ്റ്റർ ഡാനിയേൽ ജോർജ്**
**ന്യൂഡൽഹി**

### പ്രാർത്ഥനയുടെ അന്തരീക്ഷം

ചെറുതും വലുതുമായ എല്ലാ വിഷയങ്ങൾക്കായും സ്ത്രോത്രം ചെയ്യേണ്ട ആവശ്യമുണ്ടെന്നു പൗലൊസ് നമ്മെ പഠിപ്പിക്കുന്നു. അവന്റെ മുമ്പാകെ ചെറിയ കാര്യങ്ങൾ, വലിയ കാര്യങ്ങൾ എന്നുള്ള വ്യത്യാസമില്ല. എല്ലാമൊരു പോലെയാണ് (എബ്രാ. 4:16, മത്താ. 7:7-11). നമ്മുടെ ആവശ്യങ്ങൾ ധൈര്യത്തോടെ ദൈവസന്നിധിയിൽ കൊണ്ടുവരുന്ന രീതി നാം പഠിക്കുമ്പോൾ, നമുക്കുവേണ്ടിയുള്ള അവന്റെ വിലയേറിയ വാഗ്ദത്തങ്ങളെക്കുറിച്ച് നമുക്കറിവുണ്ടായിരിക്കേണമെന്നുള്ള ദൈവത്തിന്റെ ആഗ്രഹത്തെ നാം തിരിച്ചറിയും. ഇപ്രകാരം പ്രാർത്ഥിക്കുമ്പോൾ...

**1. ദൈവം തന്റെ സമാധാനം നമുക്കു വാഗ്ദത്തം ചെയ്യുന്നു (വാ:7)**

*എന്താണ് ദൈവത്തിന്റെ സമാധാനം?*

മനുഷ്യമനസ്സിന് ഗ്രഹിക്കുവാൻ കഴിയുന്നതിലുമുപരി അനുഭവിക്കുവാൻ കഴിയുന്ന സ്വസ്ഥത, ശാന്തമനസ്സ്, അതാണ് സമാധാനം. ചുറ്റപ്പെട്ട പ്രശ്നങ്ങളാലുള്ള സമ്മർദത്തിന്റെ മദ്ധ്യത്തിലും മനസ്സിനും ഹൃദയത്തിലും ഒരുപോലെ അനുഭവിക്കാൻ കഴിയുന്ന സമാധാനം. 23-ാം സങ്കീർത്തനത്തിൽ ദാവീദിനു യഹോവയായ നല്ല ഇടയന്റെ കൂടെയുള്ള അനുഭവങ്ങളെപ്പോലെ തന്നെ. മുട്ടുണ്ടാകാതിരിക്കുന്ന, പച്ചയായ പുൽപ്പുറങ്ങളുടെയും, സ്വസ്ഥതയുള്ള വെള്ളത്തിന്റെയും, നീതിപാതയുടെയും, ശത്രുക്കളുടെ മുമ്പാകെയുള്ള മേശയും, തലയിൽ എണ്ണ കൊണ്ടുള്ള അഭിഷേകവും, നിറഞ്ഞുകവിയുന്ന പാനപാത്രവും, നന്മയും കരുണയും പിന്തുടരുന്ന അനുഭവത്തോടെ ദീർഘകാലം അവനോടുകൂടെ പാർക്കുന്ന പ്രത്യാശയുടെയും അനുഭവം. അതാണ് സ്വസ്ഥത, സമാധാനം. പ്രതികൂലത്തിന്റെയും എരിയുന്ന തീച്ചൂളയുടെയും മദ്ധ്യത്തിൽ എബ്രായ ബാലന്മാർക്കും സിംഹങ്ങളുടെ ഗുഹയിൽ ദാനിയേലിനും

ചിന്താഭാരം എന്നു പറയുന്നത് ക്ഷയാത്മകവും വിപരീതവുമായ ചിന്തകളും വികാരങ്ങളുമാണ്. എന്നാൽ ദൈവീക സമാധാനം ഇവയിൽ നിന്നൊക്കെയും നമ്മെ കാത്തുസൂക്ഷിക്കുന്നു. തെറ്റായ ചിന്തകളും തോന്നലുകളും എപ്പോഴും വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണം, പ്രശ്നങ്ങളിലേക്ക് ശ്രദ്ധിച്ചു നാം ഭയപ്പെട്ടു ഭാരപ്പെടുന്നതു കൊണ്ടാണ്. എന്നാൽ ഇതിൽനിന്നും നമ്മെ കാത്തു പരിപാലിപ്പാൻ ഒരു അംഗരക്ഷകനെപ്പോലെ ദൈവം തന്റെ സമാധാനം നമുക്ക് വാഗ്ദത്തം ചെയ്യുന്നു.

ലഭിച്ച സമാധാനം (യോഹ. 14:27).

**2. നമ്മെ കാത്തു പരിപാലിക്കുവാനുള്ള ദൈവീക വാഗ്ദത്തം (വാ:7)**

നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും വൈകാരിക അനുഭവങ്ങളെയും ദൈവം കാത്തുസൂക്ഷിക്കും. യഥാർത്ഥത്തിൽ ചിന്താഭാരം എന്നു പറയുന്നത്, ക്ഷയാത്മകവും വിപരീതവുമായ ചിന്തകളും വികാരങ്ങളുമാണ്. എന്നാൽ ദൈവീക സമാധാനം ഇവയിൽ നിന്നൊക്കെയും നമ്മെ കാത്തുസൂക്ഷിക്കുന്നു. തെറ്റായ ചിന്തകളും തോന്നലുകളും എപ്പോഴും വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണം, പ്രശ്നങ്ങളിലേക്ക് ശ്രദ്ധിച്ചു നാം ഭയപ്പെട്ടു ഭാരപ്പെടുന്നതു കൊണ്ടാണ്. എന്നാൽ ഇതിൽനിന്നും നമ്മെ കാത്തു പരിപാലിപ്പാൻ ഒരു അംഗരക്ഷകനെപ്പോലെ ദൈവം തന്റെ സമാധാനം നമുക്ക് വാഗ്ദത്തം ചെയ്യുന്നു.

ഒരിക്കൽ പറന്നുകൊണ്ടിരുന്ന ഒരു വിമാനത്തിലെ പൈലറ്റ് തന്റെ വിമാനത്തിന്റെ എഞ്ചിനിൽ ഒരു എലി കടന്നിരിക്കുന്നതായി കണ്ടു. ഭയവിഹ്വലനായ അദ്ദേഹം സമയം നോക്കിയപ്പോൾ അടുത്ത എയർപോർട്ടിൽ ഇറങ്ങുവാൻ ഇനിയും രണ്ടു മണിക്കൂർ വേണമെന്നോർത്ത് പരിഭ്രമിച്ചു. ഏതു സമയത്തും എന്തും സംഭവിക്കാം. വിമാനത്തിലുള്ളവരുടെയും തന്റെയും ജീവൻ അപകടത്തിലാണെന്ന് മനസ്സിലായി. എന്നാ

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

**ഉറവ**

## ബൈബിളിന്റെ നിസ്തുലത

**എം.എസ്.കെ. ഡൽഹി**

**വേദ**പുസ്തകം അതുല്യമാണ്. അതിനു തുല്യമായ മറ്റൊരു പുസ്തകം ഇല്ല. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 1:ന്റെ 1-ൽ 'ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു' എന്ന് കാണുന്നു. ദൈവത്തോടുകൂടെയായിരുന്ന വചനം, ദൈവമായിരുന്ന വചനം, എങ്ങനെ നമ്മുടെ കയ്യിൽ എത്തിച്ചേർന്നു. അതു അത്ഭുതാവഹമല്ലേ.

വേദപുസ്തകം 1600 വർഷങ്ങൾകൊണ്ടാണ് എഴുതിതീർന്നത്. ഇതിന് 60 തലമുറകൾ എടുത്തു. 40-ൽപരം എഴുത്തുകാരാൽ എഴുതപ്പെട്ടു. ഇവർ രാജാക്കൻമാർ, കൃഷിക്കാർ, തത്വചിന്തകൻമാർ, മീൻപിടുത്തക്കാർ, കവികൾ, നേതാക്കൾ, ജ്ഞാനികൾ എന്നിവരായിരുന്നു. അൽപ്പം കൂടെ വിശദമായി പറഞ്ഞാൽ മിസ്രയീമിലെ കൊട്ടാരത്തിൽ വളർന്ന മോശെ, ആട്ടിടയനായ ആമോസ്, സൈന്യാധിപനായ യോശുവ, പാനപാത്രവാഹകനായ നെഹമ്യാവ്, പ്രധാനമന്ത്രിയായിരുന്ന ദാനിയേൽ, കവിയായ ദാവീദ്, രാജാവായ ശലോമോൻ, വൈദ്യനായ ലൂക്കൊസ്, ചുങ്കം പിരിക്കുന്നവരുടെ മേധാവിയായ മത്തായി, മുക്കുവനായ പത്രൊസ്, പണ്ഡിതനായ പൗലൊസ് മറ്റുമായിരുന്നു ബൈബിൾ എഴുത്തുകാർ.

വ്യത്യസ്ഥ പരിത:സ്ഥിതിയിലായിരുന്നു ബൈബിൾ എഴുതപ്പെട്ടത്. വിവിധ മാനസികാവസ്ഥകളിൽ അവർ എഴുതി. ചിലർ ആഹ്ലാദത്തിൽ - ചിലർ ദു:ഖത്തിന്റെ അഗാധത്തിൽ മറ്റു ചിലർ ഭയത്തിന്റെയും നിരാശയുടേയും സന്ദർഭങ്ങളിൽ എഴുതി. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ 3 ഭൂഖണ്ഡങ്ങളിലായി എഴുതി. 3 ഭാഷകളിലാണ് ബൈബിൾ രചിക്കപ്പെട്ടത് - എബ്രായഭാഷ, അരാമ്യഭാഷ. ഗ്രീക്ക് ഭാഷ. ചരിത്രം, നിയമം, സദാചാരം, പൊതുജനാരോഗ്യം, ശുചിത്വം, പദ്യം, ഉപദേശം, ഉടമ്പടികൾ, ഉപമകൾ, കഥകൾ, ആത്മകഥകൾ ലേഖനങ്ങൾ, യാത്രക്കുറിപ്പുകൾ, പ്രവചനം, യുഗാന്ത്യസംഭവങ്ങൾ മുതലായ വിഷയങ്ങൾ ബൈബിളിൽ നൽകിയിരിക്കുന്നു.

### ബൈബിളിന്റെ നിസ്തുലമായ പ്രസിദ്ധീകരണം

2014-ലെ കണക്കനുസരിച്ച് മുഴുബൈബിൾ 531 ഭാഷകളിലും 2883 ഭാഷകളിൽ ഭാഗികമായും ബൈബിൾ അച്ചടിച്ചിരിക്കുന്നു. പ്രതിവർഷം ഏകദേശം 650 മില്ല്യൻ (6500 ലക്ഷം) ബൈബിൾ വിറ്റഴിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെട്ടതും, വിറ്റഴിക്കപ്പെടുന്നതുമായ ഏക പുസ്തകം സത്യവേദപുസ്തകമാണ്.

മലയാളത്തിൽ ബൈബിളിന് നൽകിയിരിക്കുന്ന പേര് സത്യവേദപുസ്തകം എന്നാണല്ലോ. വിറ്റ് എന്ന വാക്കിൽ നിന്നാണ് വേദം എന്ന വാക്ക് ഉളവായത്. വേദം എന്ന വാക്കിന് അറിവ് എന്ന അർത്ഥമാണുള്ളത്. അപ്പോൾ വേദപുസ്തകം വായിച്ചാൽ അറിവ് ലഭിക്കും എന്നർത്ഥം. നിങ്ങളിൽ ഒരുവന് ജ്ഞാനം കുറവാകുന്നു എങ്കിൽ ഭൽസിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്ന ദൈവത്തോട് യാചിക്കട്ടെ. (യാക്കോ. 1.5)

### ബൈബിൾ പീഢനത്തിൽകൂടി

ഏറ്റവും കൂടുതൽ പീഡനത്തിൽകൂടി കടന്നുപോയ ഏക പുസ്തകമാണ് ബൈബിൾ. അനേകർ അത് കത്തിച്ചു നശിപ്പിക്കുവാൻ ശ്രമിച്ചു. റോമൻ ചക്രവർത്തിമാർ മുതൽ കമ്മ്യൂണിസ്റ്റുകാർ വരെ നിയമം ഉപയോഗിച്ച് ബൈബിളിനെ വിലക്കുകയും നാടുകടത്തുകയും ചെയ്തു. വോൾട്ടയർ എന്ന ഫ്രഞ്ച് നിരീശ്വവാദി വേദപുസ്തകത്തെ 100 വർഷത്തിനകം ഭൂമുഖത്തുനിന്നും ഉൻമൂലനാശം ചെയ്യുമെന്ന് വിളംബരം ചെയ്തു. എന്നാൽ 1778-ൽ വോൾട്ടയറിന്റെ മരണത്തിന് 50 വർഷത്തിനുശേഷം അയാൾ വിളംബരത്തിനുപയോഗിച്ച പ്രസ്സും കെട്ടിടവും ജനീവ ബൈബിൾ സൊസൈറ്റി വിലയ്ക്ക് വാങ്ങി അവിടെ ബൈബിൾ പ്രിന്റ് ചെയ്തു ശേഖരിച്ചു.

എ.ഡി. 303-ൽ ഡയോക്ലീഷ്യൻ എന്ന റോമൻ ചക്രവർത്തി ക്രിസ്ത്യാനികളേയും അവരുടെ വിശുദ്ധ ഗ്രന്ഥത്തേയും ഉൻമൂലനാശം ചെയ്യുവാൻ നിയമം മൂലം വിളംബരം ചെയ്തു. പള്ളികളെ ഇടിച്ചു കളകയും വേദപുസ്തകം ചുടുകയുമായിരുന്നു ലക്ഷ്യം. എന്നാൽ 25 വർഷം കഴിഞ്ഞപ്പോൾ കോൺസ്റ്റന്റൈൻ എന്ന റോമൻ ചക്രവർത്തി 50 ബൈബിൾ ഗവൺമെന്റിന്റെ ചിലവിൽ എഴുതി ഉണ്ടാക്കുവാൻ ആജ്ഞാപിച്ചു.

അനേകരാൽ ക്രൂരമായി വിമർശിക്കപ്പെട്ട പുസ്തകമാണ് സത്യവേദപുസ്തകം എങ്കിലും ഉറപ്പുള്ളതായ ഒരു പാറപോലെ ഇന്നും നിലനിൽക്കുന്നു. ഇത്രയധികം പ്രതിസന്ധികളിൽകൂടി കടന്നുപോയിട്ടും ബൈബിൾ വാങ്ങുവാനും, വായിക്കുവാനും അനുസരിക്കുവാനും ദിവസേന ആളുകൾ വർദ്ധിച്ചുവരുന്നു. എന്തുകൊണ്ടും ബൈബിൾ നിസ്തുല്യമായ ഗ്രന്ഥമാണ്.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442